(ബി) ചൈന മുതലായ രാജ്യങ്ങളിൽനിന്നും ഇന്ത്യയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് പൊതുവേ ഗുണനിലവാരം കുറഞ്ഞതാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കെ.എസ്.ഐ.പി.ടി.സി. മുഖേനയാണ് വിൽപ്പന നടത്തുന്നതെങ്കിലും കമ്പോള നിരക്കുമായി പൊരുത്തപ്പെടുത്തുന്നതിനുവേണ്ടി കാലാകാലങ്ങളിൽ സംസ്ഥാന വിൽപ്പന നികുതി നിരക്കിൽ അനുയോജ്യമായ ഇളവ് സർക്കാർ അനുവദിച്ച് നൽകാറുണ്ട്. ആഗോള കമ്പോളവൽക്കരണത്തിന്റെ പ്രതികൂല സാഹചര്യത്തിൽ തന്നെയാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ സർവ്വകാല റെക്കോർഡുണ്ടാക്കാൻ കെ.എസ്.ഐ.പി.ടി.സി.ക്ക് കഴിഞ്ഞിട്ടുള്ളത്.

ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിൽനിന്നുള്ള മാലിന്യങ്ങൾ

4 (3074) ശ്രീ. ജി കാർത്തികേയൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള എന്തെല്ലാം നടപടിയെടുത്തു;

(ബി) പ്രസ്തുത കാര്യത്തിൽ കമ്പനിയിൽനിന്നും മാലിന്യങ്ങൾ കടലിലേയ്ക്ക് ഒഴുക്കുന്ന ഓവു ചാൽ നാട്ടുകാർ അടച്ചിട്ടുണ്ടോ;

(സി) എന്ത് സാഹചര്യത്തിലാണ് നാട്ടുകാർ ഇത് ചെയ്തത്;

(ഡി) തൽഫലമായി ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഇ) ടി.ടി.പി.യിൽ നിന്ന് ഒഴുക്കിവിടുന്ന ആസിഡ് മാലിന്യം എത്തിച്ചേരുന്ന കടലിന്റെ ഭാഗത്ത് വേളി മുതൽ വിഴിഞ്ഞം വരെ മത്സ്യത്തിന്റെ പെയ്ത്ത് കുറഞ്ഞിട്ടുണ്ടോ;

(എഫ്) ഈ ഭാഗത്ത് ഇടുന്ന വലകൾ ഈടുനിൽക്കാതെ അറ്റുപോകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ടി.ടി.പി.യിൽനിന്ന് ഒഴുക്കിവിടുന്ന ആസിഡ് മാലിന്യംമൂലം നഷ്ടം നേരിടേണ്ടതായിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകാൻ പരിപാടിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഖരമാലിന്യം നീക്കംചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കമ്പനി ഇതിനകംതന്നെ സജ്ജമാക്കിയിട്ടുണ്ട്.

വായു മലിനീകരണ നിവാരണത്തിനായി അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പുതിയ ആസിഡ് പ്ലാന്റ് കമ്പനിയിൽ സ്ഥാപിച്ചു. 1996-ൽ പ്ലാന്റ് പ്രവർത്തനമാരംഭിച്ചതോടെ വായു മലിനീകരണത്തിനിടയാക്കിയിരുന്ന സൾഫർ ഡയോക്സൈഡിന്റെ ബഹിർഗമനം അനുവ

LIBRARY ARCHIVES Kerala Legislative Assembly

ദനീമായ പരിധിയ്ക്കു താഴെയാവുകയും അന്തരീക്ഷമലിനീകരണം ഏതാണ്ട് പൂർണ്ണമായും ഇല്ലാതാവുകയും ചെയ്തു. ഫാക്ടറിയിൽനിന്നും പുറത്തുവിടുന്ന അമ്ളാംശമുള്ള പാഴ്ജലം പുറത്തേയ്ക്കൊഴുക്കി വിടുന്നതുമൂലം ഉള്ള മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് പ്രതിവിധി നിർദ്ദേശിക്കുവാൻ കമ്പനി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫിയെ ചുമതലപ്പെടുത്തുകയും വിശദമായ പഠനങ്ങൾക്കുശേഷം സമുദ്രത്തിനുള്ളിൽ 750 മീറ്റർ ദൂരത്തിൽ 18 മീറ്റർ ജലനിരപ്പിനടിയിൽ പൈപ്പിട്ട് നേർപ്പിച്ച പാഴ്ജലം ഒഴുക്കിവിടുന്നതിനുള്ള നിർദ്ദേശം അവർ സമർപ്പിക്കുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് 1982-ൽ അനുമതി നൽകി. എന്നാൽ കടലിനടിയിൽ പൈപ്പിടുന്നതിന് തദ്ദേശവാസികളുടെ എതിർപ്പുണ്ടായതിനാൽ ഇതു നടപ്പിലാക്കാൻ സാധിച്ചില്ല. 1997-ൽ ഗവൺമെന്റ് നിയമിച്ച ഡോ. യു.ഡി. ദാമോദരൻ ചെയർമാനായുള്ള വിദഗ്ധ സമിതി നിർദ്ദേശിച്ചതനുസരിച്ച് മലിനജലം നിർവ്വീര്യമാക്കുന്നതിന് ന്യൂട്രലൈസേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് 1999 ഏപ്രിലിൽ ഗവൺമെന്റ് അംഗീകാരം നൽകിയിരുന്നു. എന്നാൽ മലിനജലം കടലിലേയ്ക്കൊഴുക്കാതെ റീസൈക്കിൾ ചെയ്ത് മാലിന്യരഹിതമാക്കി വീണ്ടും ഉപയോഗിക്കുന്നതിനുള്ള ഒരു ആധുനിക സാങ്കേതിക വിദ്യ കൈമാറാൻ ഒരു ജർമ്മൻ കമ്പനി തയ്യാറായിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങൾ നടത്തിവരുന്നു. നിർവ്വീകരണം ആധുനികവൽക്കരണം എന്നിവ അടങ്ങുന്നതാണ് ഈ നിർദ്ദേശം.

(ബി) 8.3.2000-ലെ സെക്കന്റ് ഷിഫ്റ്റ് മുതൽ മലിനജലം ഒഴുകുന്ന ഓട നാട്ടുകാർ അടച്ചു. 15.3.2000 വൈകുന്നേരത്തോടെ ഓട തുറന്നു നൽകി തടസ്സങ്ങൾ മുഴുവൻ നീക്കംചെയ്യുകയും ചെയ്തു.

(സി) 7.3.2000 മുതൽ നിർവീകരണ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട പണികൾ ആരംഭിക്കണമെന്ന് കോസ്റ്റൽ അപ്ലിഫ്റ്റ് അസ്സോസിയേഷൻ ഉറപ്പുനൽകിയിരുന്നു. ഇതിനിടയിൽ, മാലിന്യരഹിതമായി (സീറോ എഫ്ളുവെന്റ്) ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മിക്കുന്നതിനുള്ള ഒരു പ്രോജക്ടുമായി "ബാക്ക് ലേബർ കെമി" എന്ന ജർമ്മൻ സ്ഥാപനം മുന്നോട്ടുവന്നതിനാൽ നിർവ്വീകരണ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന്റെ ജോലികൾ ആരംഭിക്കുന്ന കാര്യത്തിൽ അന്തിമതീരുമാനം കൈക്കൊള്ളാൻ കഴിഞ്ഞില്ല.

(ഡി) ഓട അടച്ചിരുന്ന ദിവസങ്ങളിൽ ഉൽപ്പാദനം ചുരുക്കിയിരുന്നു.

(ഇ) ഇത്തരം ഒരാരോപണം കോസ്റ്റൽ അപ് ലിഫ്റ്റ് അസോസിയേഷൻ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ശാസ്ത്രീയപഠനങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ള ആധികാരികമായ യാതൊരു വിവരവും ലഭിച്ചിട്ടില്ല.

(എഫ്) വ്യക്തമായ വിവരങ്ങൾ ഇക്കാര്യത്തിൽ ലഭിച്ചിട്ടില്ല.

(ജി) ഈ പ്രദേശത്ത് ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മിച്ചുനൽകാമെന്നും ജില്ലാ കളക്ടർ ചെയർമാനായുള്ള കമ്മിറ്റിയ്ക്ക് ക്ഷേമപദ്ധതികൾക്കായുള്ള ഫണ്ട് നൽകാമെന്നും കമ്പനി സമ്മതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly